LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. സ്പീക്കർ : നോ.........നോ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ I am very sorry. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. ഇല്ല........ ഇല്ല.........താങ്കൾ എല്ലാ ചട്ടങ്ങളും അനുസരിക്കുന്ന ആളാണല്ലോ. നിങ്ങൾ പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ സമ്മതിക്കുന്നില്ലല്ലോ. യെസ്........ പ്ലീസ്.............പ്ലീസ്.. ...........

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഒരു മന്ത്രി തെറ്റായ ഒരു പ്രസ്താവന ചെയ്താൽ അത് ചൂണ്ടിക്കാണിക്കാൻ മെമ്പർമാർക്ക് അവകാശമുണ്ട്. അത് പോയിന്റ് ഓഫ് ഓർഡർ വഴിയോ മറ്റ് വഴിയോ ഉന്നയിക്കാം. ബഹുമാനപ്പെട്ട മന്ത്രി വസ്തുതാവിരുദ്ധമായ ഒരുകാര്യം ഈ സഭയിൽ അവതരിപ്പിച്ചപ്പോൾ അത് വസ്തുതാവിരുദ്ധമാണെന്ന് അറിയുന്ന ഒരു മുൻ മന്ത്രി അതു സംബന്ധിച്ചുള്ള രേഖ ഇവിടെ വയ്ക്കാൻ സന്നദ്ധമായി എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. അത് റൂൾ അനുസരിച്ച് അനുവദിക്കുന്നുണ്ട്. അത് അനുവദിക്കണമോ വേണ്ടയോ എന്നുള്ളത് അങ്ങേക്ക് തീരുമാനിക്കാം.

## റൂളിംഗ്

മി. സ്പീക്കർ : അങ്ങിത് ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാനിത് പറയാം. പ്ലീസ്......... പ്ലീസ്.....ഒരു മന്ത്രിയോ മറ്റേതെങ്കിലും അംഗമോ ചെയ്ത ഒരു പ്രസ്താവനയിൽ എന്തെങ്കിലും തെറ്റോ പിശകോ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്ന ഒരു അംഗം അക്കാര്യം സഭയിൽ പരാമർശിക്കുന്നതിനുമുമ്പായി ആ തെറ്റിനേയോ പിശകിനേയോ കുറിച്ചുള്ള വിവരങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സ്പീക്കർക്ക് എഴുതേണ്ടതും അക്കാര്യം ഉന്നയിക്കുന്നതിന് സ്പീക്കറുടെ അനുവാദം തേടേണ്ടതുമാണ്. ശ്രീ. എ. എ. ആരിഫ്, അവിടെ നിന്ന് രേഖകാണിച്ചാൽ ഞാൻ എങ്ങനെയാണ് മേശപ്പുറത്ത് വയ്ക്കാൻ അനുവദിക്കുന്നത് ? എനിക്കത് പരിശോധിക്കണ്ടേ : എന്റെ സ്ഥാനത്ത് ആര് വന്നാലും അത് പരിശോധിക്കണം. ഞാനിരിക്കുന്ന സ്ഥാനത്ത് ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) വന്നാലും ശ്രീ. ഡൊമിനിക് പ്രസന്റേഷൻ വന്നാലും ഡോ. എൻ. ജയരാജ് വന്നാലും അവർക്കിത് തീർച്ചയായും പരിശോധിക്കണം. അല്ലാതെ ആരുടേയും അവകാശം നിഷേധിച്ചതൊന്നുമല്ല. ഇതൊക്കെ നിങ്ങൾക്ക് അറിയാവുന്നതല്ലേ ?

## അടിയന്തരപ്രമേയം (തുടർച്ച)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കഴിഞ്ഞ 52 ദിവസമായി വയനാട്ടിൽ ആദിവാസി ക്ഷേമസമിതിയുടെ നേതൃത്വത്തിൽ

10.00 A.M.] ഭൂമിക്കുവേണ്ടിയുള്ള സമരം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം വയനാട്ടിൽ പോയപ്പോൾ ഈ സമരകേന്ദ്രങ്ങൾ സന്ദർശിക്കുകയും അവരുടെ വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തിരുന്നു. ഇതുമായി ബന്ധപ്പെട്ട് റവന്യൂവും കയറും വകുപ്പുമന്ത്രി നൽകിയ വിശദീകരണം ഞങ്ങൾക്കെല്ലാവർക്കും ഇവിടെനിന്ന് ഇറങ്ങിപ്പോകണമെന്ന് ആത്മാർത്ഥമായി